ശ്രീ. ആർ. ശങ്കർ : ഞാൻ അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാട് : മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് സാധാരണ ഗതിയിലുള്ള ഒരു മന്ത്രിസഭയിൽ അംഗമായി മി. ചാക്കോ തുടരുകയാണെന്നാണ്. എന്നാൽ മി. ചാക്കോ ഫെബ്രുവരി 13-ാംതീയതി പറഞ്ഞു, മുഖ്യമന്ത്രി എന്റെ പേരിൽ നിർബന്ധം ചെലുത്തിയതിന്റെ ഫലമായിട്ട് എനിക്ക് പോകേണ്ടിവരുമെന്ന് വ്യക്തമായിട്ടുള്ള സ്ഥിതിക്ക് ഞാൻ 31-ാംതീയതിയോ മറ്റോ റോസ് ഹൗസ് വിട്ട് നാട്ടിൽ പോയതാണെന്ന പറഞ്ഞു. ഈ പറഞ്ഞതിന്റെ അർത്ഥം മുഖ്യമന്ത്രി അസത്യമാണ് പറഞ്ഞതെന്നാണ്. മുഖ്യമന്ത്രി പറഞ്ഞത് അസത്യമാണെന്ന് പത്രങ്ങളിൽ വന്നത്, പത്രങ്ങളുടെ സരസ്വതീവിലാസമായി തള്ളാൻ നിവൃത്തിയില്ല. എന്താണെന്നുവച്ചാൽ എല്ലാ പത്രങ്ങളിലും ഒരേ റിപ്പോർട്ട് വന്നിട്ടുണ്ട്. യാതൊരു പ്രകോപനവുമില്ലാതെ മി. ചാക്കോ ഇതു പറഞ്ഞു എന്നാണ് എല്ലാ പത്രങ്ങളിലും റിപ്പോർട്ട് വന്നിട്ടുള്ളത്. ആ സ്ഥിതിക്ക് മുഖ്യമന്ത്രി അസത്യം പറഞ്ഞു എന്നാണ് വ്യക്തമാകുന്നത്. ഒന്നുകിൽ മുഖ്യമന്ത്രി അസത്യം പറഞ്ഞു, അല്ലെങ്കിൽ മുഖ്യമന്ത്രി സത്യം പറഞ്ഞു. ആ സ്ഥിതിക്ക് ഇതു സാധാരണഗതിയിൽ മദിരാശിയാത്രയും മറ്റും നടത്തിയെന്നും മറ്റും വിശ്വസിക്കുവാൻ നിവൃത്തിയില്ല. ഇതുസംബന്ധിച്ചുള്ള ഇൻഫർമേഷൻ ഞങ്ങൾക്കു തരണം. മി. ചാക്കോ പറഞ്ഞത് അസത്യമാണെങ്കിൽ അസത്യം പറഞ്ഞ മന്ത്രിയെ ഇപ്പോഴും മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കുകയാണോ ചെയ്യുന്നത്"?

മി. സ്പീക്കർ: ഇതു സംബന്ധിച്ച് ഒരു ഡിസ്കഷന്റെ ആവശ്യമില്ല. ശ്രീ. ചാക്കോ ഇപ്പോഴും മന്ത്രിസഭയിലെ അംഗമാണെന്ന് മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. അതുകൊണ്ട് കൂടുതലൊന്നും പറയേണ്ടതായിട്ടില്ല.

CALLING ATTENTION TO MATTERS OF URGENT PUBLIC IMPORTANCE UNDER RULE 61.

Difficulty caused to the travelling public on account of suspension of the bus services in Tanur-Kuttipuram and Tanur-Tirur routes

Mr. Speaker : I have received a notice under Rule 61 from Shri C. M. Kutty. I call upon the member to make a statement.

ശ്രീ. സി. എം. കുട്ടി : ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഗതാഗതകാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് താനൂർ ഫർക്ക. അവിടത്തെ ജനങ്ങളും പ്രതിനിധികളും വളരെക്കാലം പ്രയത്നിച്ചതിന്റെ ഫലമായിട്ട്, വളരെയധികം പ്രക്ഷോഭണം കൂട്ടിയതിന്റെ ഫലമായിട്ട്, നിവേദനങ്ങൾ നടത്തിയതിന്റെ ഫലമായിട്ടാണ് അടുത്തകാലത്തു് അവിടെനിന്നും കുറ്റിപ്പുറത്തേക്ക് ഒരു ബസ്സും സർവ്വീസും, തിരൂരിലേയ്ക്കു് മറ്റൊരു ബസ്സും സർവ്വീസും കിട്ടിയതു്.

Mr. Speaker : Order, order. Please do not make so much noise.

ശ്രീ. സി. എം. കുട്ടി : ഇങ്ങനെ അവിടെ ബസ്സും സർവ്വീസും അനുവദിച്ചുകിട്ടിയെങ്കിലും ബസ്സും ആപ്പറേറ്റേഴ്സും ബസ്സിന്റെ കാര്യത്തിൽ വളരെയധികം അലസമനോഭാവമാണ് കാണിക്കുന്നതെന്നു് കുപ്രസിദ്ധി നേടിയിരുന്ന എന്നതാണ് വാസ്തവം. കഴിഞ്ഞ 6 മാസക്കാലമായി ഈ രണ്ടു റൂട്ടുകളിലും ബസ്സുകൾ തീരെ ഓടുന്നില്ല. മറ്റുവിധത്തിൽ ആളുകൾക്ക് അവിടെ സഞ്ചരിക്കാൻ മാർഗ്ഗവും ഇല്ല. താനൂരിലാണെങ്കിൽ ഒരു എൻ. ഈ. എസ്. ബ്ലോക്കിന്റെ കേന്ദ്രആഫീസുണ്ട്. കുറ്റിപ്പുറത്തുനിന്നും വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എം. കട്ടി]

ബസ്സിലാണ് ഫക്കയിൽനിന്നുള്ള ആളുകൾ ഈ പ്രദേശത്തു് വരാൻ സാധിക്കുന്നതു്. താനൂർ പ്രദേശത്തു് എൻ. ഈ. എസ്സ്. ബ്ലോക്കിന്റെ ഹെഡ് കപ്പാർട്ടേഴ്സുണ്ടു്, തിരൂരിൽ വളരെയധികം ആഫീസുകളുണ്ടു്, കോടതികളുണ്ടു്, ഒരു ബിസിനസ് കേന്ദ്രവുമാണതു്. ആ പ്രദേശത്തേയ്ക്കു് ട്രെയിൻമാർഗ്ഗം മാത്രമേ താനൂരിലെ ജനങ്ങൾക്കു പോകാൻ നിവർത്തിയുള്ള. ഇന്നു് ട്രെയിൻ സൗകര്യം വളരെ അപര്യാപ്തമാണു്. അതുകൊണ്ടു് ബസ്സില്ലാത്തതുകൊണ്ടു് യാതൊരുവിധത്തിലുള്ള സൗകര്യവും അവിടങ്ങളിലെ ആളുകൾക്കു് ഇല്ലാതിരിക്കുകയാണു്. ഈ കാര്യത്തെപ്പറ്റി നാട്ടുകാർ വളരെയധികം ആക്ഷേപങ്ങൾ അധികൃതസ്ഥാനങ്ങളിൽ സമർപ്പിക്കുകയുണ്ടായി. പഞ്ചായത്തുകളും, പല സംഘടനകളും പ്രമേയങ്ങൾ പാസ്സാക്കി അയയ്ക്കുകയുണ്ടായി. കോഴിക്കോട്ടു് റീജിയണൽ ട്രാൻസ്പോർട്ടു് അതോറിറ്റി ചെയർമാൻ കൂടിയായ കളക്ടറോടു് ഞാൻതന്നെ ഇതേപ്പറ്റി പറയുകയുണ്ടായി. കോഴിക്കോട്ടെ എല്ലാ പ്രമുഖ പത്രങ്ങളിലും ഇതുസംബന്ധിച്ച ആക്ഷേപങ്ങൾ വരികയുണ്ടായി. യാതൊരു വിധത്തിലുള്ള പരിഹാരവും ഇതുവരെയായിട്ടും ഉണ്ടായിട്ടില്ല. അതുകൊണ്ടു് ഇത്രയധികം പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശത്തു് 6 മാസക്കാലമായി ബസ്സു് ഓടുന്നില്ല എന്നു പറഞ്ഞാൽ, ഇവിടെയുള്ള ആളുകൾക്കു് യാത്ര ചെയ്യാൻ മറ്റു യാതൊരുവിധ സൗകര്യവും ഇല്ലാ എന്നതാണു് സ്ഥിതി. ഇങ്ങനെ സംഭവിക്കുന്നതു് മറ്റൊരു സ്ഥലത്തും നടപ്പില്ലാത്തതാണു്. ഈ രണ്ടു റൂട്ടുകളിലും ബസ്സു് സർവ്വീസു് നടത്തുന്നില്ല എന്നുള്ളതു് വളരെ ഖേദകരമായ സംഗതിയാണു്. അതുകൊണ്ടു് ഇക്കാര്യത്തിൽ ഗതാഗതവകുപ്പുമന്ത്രിയുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണു്.

ശ്രീ. കെ. ടി. അച്യുതൻ : ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം ഇന്നലെ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നു. താനൂർ മുതൽ തിരൂർ വരെയുള്ള ലൈനിൽ കുറെക്കൊല്ലമായിട്ടു് ഓടിക്കൊണ്ടിരുന്ന ബസ്സുകൾ ഇപ്പോൾ ഓടുന്നില്ല എന്നു പറഞ്ഞു. എന്റെ ഓർമ്മ ശരിയാണെങ്കിൽ സാധാരണയായി റൂട്ടുകളിൽ പെർമിറ്റു കൊടുക്കുമ്പോൾ ആപ്പറേറ്റേഴ്സിനെ സംബന്ധിച്ച വിവരങ്ങൾ നോക്കിയാണു് കൊടുക്കുന്നതു്. ബസ്സു് ഓടിക്കാൻ കഴിവുണ്ടോ, സൗകര്യമുണ്ടോ, വർക്ക്ഷോപ്പുണ്ടോ എന്നൊക്കെ അന്വേഷിക്കാറുണ്ടു്. പക്ഷേ കൊടുത്തു കഴിഞ്ഞാൽ ചിലപ്പോൾ ഇങ്ങനെ ഉണ്ടാകാറുണ്ടു്, 6 മാസക്കാലമായി തുടർച്ചയായി ബസ്സു് ഓടിക്കുന്നില്ല എന്നു പറയുന്നതു ശരിയാണെങ്കിൽ തീർച്ചയായും ആർ. ടി. ഓ. അന്വേഷിക്കേണ്ടതായിരുന്നു. എന്തെങ്കിലും കാരണങ്ങളാൽ ഇങ്ങനെ ബസ്സു് ഓടാതെ വരുകയാണെങ്കിൽ ടെമ്പററിയായി എന്തെങ്കിലും ചെയ്യാമായിരുന്നു. നിയമപ്രകാരം ഇപ്പോൾ ബസ്സോടിക്കുന്ന ആപ്പറേറ്റേഴ്സിനെ ഒഴിവാക്കിക്കൊണ്ടു് ടെമ്പററിയായി ചെയ്യാവുന്നതാണു്. ഇക്കാര്യത്തെപ്പറ്റി ഉടൻതന്നെ അന്വേഷിച്ചു് വേണ്ട നടപടികളും സ്വീകരിക്കുന്നതാണു്. ടെമ്പററിയായി രണ്ടു റൂട്ടുകളിലും ബസ്സു് ഓടിക്കുന്ന കാര്യത്തെപ്പറ്റി ആർ. ടി. ഓ. ക്കു് ആർഡർ കൊടുക്കുകയും ചെയ്യാം.

PRESENTATION OF REPORT

Shri K. V. Narayanan : Sir, I present the Second Report in 1964 of the Committee on Private Members' Bills and Resolutions.

LEGISLATIVE BUSINESS

The Luxury Tax on Tobacco (Validation) Bill, 1964 (*Contd.*)

Mr. Speaker : Now we pass on to Legislative Business. Shri E. P. Gopalan may continue his speech.

LIBRARY ARCHIVES Kerala Legislative Assembly